



എ.വൈ.ആർ

സൂറ-19

# മർയം

48. അല്ലാഹുവിനെ കൂടാതെ നിങ്ങൾ പ്രാർഥിക്കുന്ന മൂർത്തികളെയും ഞാൻ വെടിയുന്നു. ഞാൻ എന്റെ വിധാതാവിനെ മാത്രം പ്രാർഥിക്കുന്നു. വിധാതാവിനോട് പ്രാർഥിച്ചാൽ നിരാശനാവില്ലെന്ന് എനിക്കു പ്രതീക്ഷയുണ്ട്.

وَأَعْتَزِلُكُمْ وَمَا تَدْعُونَ مِن دُونِ ٱللَّهِ وَأَدْعُواْ رَبِّى عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ رَبِّى شَقِيًّا ﴿٤٨﴾

49. ഇബ്റാഹീം സ്വജനത്തെയും അവരുടെ, അല്ലാഹുവല്ലാത്ത ആരാധ്യരെയും വെടിഞ്ഞു പോയപ്പോൾ നാം അദ്ദേഹത്തിന് ഇസ്ഹാഖിനെയും യഅ്ഖൂബിനെയും സന്തതികളായി പ്രദാനം ചെയ്തു. അവരെയെല്ലാം പ്രവാചകന്മാരാക്കുകയും ചെയ്തു.

فَلَمَّا ٱعْتَزَلَهُمْ وَمَا يَعْبُدُونَ مِن دُونِ ٱللَّهِ وَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ ۖ وَكُلًّا جَعَلْنَا نَبِيًّا ﴿٤٩﴾

50. നാമവർക്ക് അനുഗ്രഹം ചൊരിഞ്ഞു കൊടുത്തു. ഉന്നതമായ സൽകീർത്തിയുമരുളി.

وَوَهَبْنَا لَهُم مِّن رَّحْمَتِنَا وَجَعَلْنَا لَهُمْ لِسَانَ صِدْقٍ عَلِيًّا ﴿٥٠﴾

നിങ്ങൾ പ്രാർഥിക്കുന്നവയെ(മൂർത്തികളെ)യും = وَمَا تَدْعُونَ ഞാൻ നിങ്ങളെ വെടിയുന്നു = وَأَعْتَزِلُكُمْ
ഞാൻ എന്റെ വിധാതാവിനെ(മാത്രം) പ്രാർഥിക്കുന്നു = وَأَدْعُواْ رَبِّى അല്ലാഹുവിനെ കൂടാതെ = مِن دُونِ ٱللَّهِ
ഞാൻ ആവില്ലെന്ന് = أَلَّآ أَكُونَ ആയേക്കാം (എനിക്കു പ്രതീക്ഷയുണ്ട്) = عَسَىٰٓ
നിർഭാഗ്യവാൻ, നിരാശൻ = شَقِيًّا എന്റെ നാഥന്റെ(നെ) പ്രാർഥന കൊണ്ട്(പ്രാർഥിച്ചാൽ) = بِدُعَآءِ رَبِّى
അവൻ അവരെ വെടിഞ്ഞപ്പോൾ (അദ്ദേഹം അവരെ വെടിഞ്ഞു പോയപ്പോൾ) = فَلَمَّا ٱعْتَزَلَهُمْ
അല്ലാഹുവിനെ കൂടാതെ അവർ പ്രാർഥിക്കുന്നവയെ(ക്കുന്ന മൂർത്തികളെയും) = وَمَا يَعْبُدُونَ مِن دُونِ ٱللَّهِ
അദ്ദേഹത്തിന് = لَهُۥٓ നാം സമ്മാനിച്ചു പ്രദാനം ചെയ്തു = وَهَبْنَا
അവരെ (എല്ലാവരെയും) = وَكُلًّا (സന്തതികളായി) ഇസ്ഹാഖിനെയും യഅ്ഖൂബിനെയും = إِسْحَٰقَ وَيَعْقُوبَ
അവർക്ക് = لَهُم നാം (ചൊരിഞ്ഞു) സമ്മാനിച്ചു = وَوَهَبْنَا പ്രവാചകൻ = نَبِيًّا നാം ആക്കി = جَعَلْنَا
നാം അവർക്ക് ആക്കിക്കൊടുത്തു(അരുളി) = وَجَعَلْنَا لَهُمْ നമ്മുടെ അനുഗ്രഹ(ം)ത്തിൽനിന്ന് = مِّن رَّحْمَتِنَا
ഉന്നതമായ = عَلِيًّا സൽകീർത്തി = لِسَانَ صِدْقٍ

**48.** വർധിച്ച പിതൃസ്നേഹത്തോടെ, ഗുണകാംക്ഷയോടെ, ബഹുമാനാദരവോടെ ഉപദേശിച്ചിട്ടും പിതാവ് അസത്യത്തിൽ തന്നെ ഉറച്ചുനിന്നപ്പോൾ സത്യത്തോടുള്ള ഇബ്റാഹീം നബിയുടെ പ്രതിബദ്ധതയും ദൃഢമാവുകയായിരുന്നു. അദ്ദേഹം ജനങ്ങളിലേക്കിറങ്ങി പരസ്യമായി പ്രബോധനം ചെയ്തു. ജനങ്ങൾ ഇളകിവശായി. രാജാവ് അദ്ദേഹത്തെ കുറ്റവിചാരണ ചെയ്തു. ഒടുവിൽ അഗ്നികുണ്ഠത്തിലെറിഞ്ഞു കരിച്ചുകളയാൻ വിധിയായി. ഇബ്റാഹീം(അ) ഒട്ടും ചഞ്ചലനായില്ല. സത്യത്തിനുവേണ്ടി എന്തും സഹിക്കാനും ത്യജിക്കാനും തയാറായിനിന്നു. അല്ലാഹു അഗ്നിയിൽനിന്ന് അദ്ദേഹത്തെ സുരക്ഷിതനായി മോചിപ്പിച്ചു. അങ്ങനെ അല്ലാഹുവിലുള്ള വിശ്വാസത്തിലും കൂറിലും ഇബ്റാഹീം(അ) ഊതിക്കാച്ചിയ പൊന്നായി പുറത്തുവന്നു. ഏതുപ്രതിസന്ധിയിലും അല്ലാഹു കൂടെയുണ്ടെന്ന് അനുഭവിച്ചറിഞ്ഞ അദ്ദേഹം പിതാവിൽനിന്നും കുടുംബത്തിൽനിന്നും നാട്ടുകാരിൽനിന്നും സ്വയം മുക്തനാവുകയാണ്. أَعْتَزِلُكُمْ താൻ നിങ്ങളെ വെടിയുന്നു എന്നതിലെ നിങ്ങൾ എന്ന സർവനാമം അതാണ് കുറിക്കുന്നത്. أَعْتَزِلُكُمْ എന്നതിന്റെ മൂലപദം عزل ആണ്. അതിന്റെ അർഥം *ഖുർആൻ ബോധനം* സൂറഃ ഹൂദ് 42-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. وَمَا تَدْعُونَ مِن دُونِ ٱللَّهِ എന്നുപറഞ്ഞുകൊണ്ട് സമുദായത്തിന്റെ വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും അവർ ആരാധിക്കുന്ന ദൈവങ്ങളിൽനിന്നുമെല്ലാം താൻ മുക്തനായതായി പ്രഖ്യാപിക്കുകയാണ്. ഇനി അല്ലാഹു മാത്രമേ തനിക്കു തുണ

യുള്ളൂ. അല്ലാഹുവിനെ മാത്രമേ ഞാൻ പ്രാർഥിക്കുന്നുള്ളൂ. اني ذاهب الى ربي -ഞാൻ എന്റെ വിധാതാവിങ്കലേക്കു പോകുന്നു എന്നാണ് 37:99-ൽ പറയുന്നത്. പ്രാർഥിച്ചാൽ റബ്ബ് എന്നെ നിരാശനാക്കുകയില്ലെന്ന് പ്രതീക്ഷയുണ്ടെന്ന് പറഞ്ഞതിനർഥം അക്കാര്യത്തിൽ ഉറപ്പില്ല എന്നല്ല. അല്ലാഹുവോടുള്ള ഭക്ത്യാതിരേകത്തിന്റെ പ്രകടനമാണത്. അവൻ തന്റെ പ്രാർഥന കേൾക്കാൻ ബാധ്യസ്ഥനാണ് അല്ലെങ്കിൽ താനർഥിക്കുന്ന കാര്യം അവനിൽനിന്ന് നേടിയെടുക്കാൻ തനിക്കധികാരമുണ്ട് എന്ന് ധ്വനിക്കുന്ന ശൈലി ഒഴിവാക്കുകയാണദ്ദേഹം. ആരുടെയും പ്രാർഥന സ്വീകരിച്ചുകൊള്ളണമെന്ന് അല്ലാഹുവിനെ നിർബന്ധിക്കുന്ന യാതൊന്നുമില്ല.

പിതാവിനോടുള്ള സമീപനത്തിൽ വെണ്ണപോലെ സ്നിഗ്ധമായ ഇബ്റാഹീമി ഹൃദയം ആദർശത്തിന്റെ കാര്യത്തിൽ പാറ പോലെ ഉറച്ചതായിരുന്നു. ദൃഢതയുടെയും മൃദുലതയുടെയും ഈ മിശ്രണം സത്യപ്രബോധകനെ മറ്റുള്ളവരിൽനിന്നു വ്യതിരിക്തനാക്കുന്ന ഗുണമാണ്. പ്രബോധിതരോട് വെണ്ണപോലെ സ്നിഗ്ധവും ആദർശ വിഷയത്തിൽ കരിങ്കല്ലുപോലെ കടുകട്ടിയുമായ മനസ്സില്ലാത്ത പ്രബോധകർക്ക് അവരുടെ ദൗത്യം യഥാവിധി മുന്നോട്ടുകൊണ്ടു പോകാനാവില്ല.

**49.** ഇബ്റാഹീം(അ)ന്റെ ഈ വിമുക്തി പ്രഖ്യാപനം ഹിജ്റക്കു സമാനമായിരുന്നു. തുടർന്ന് അദ്ദേഹം ദേശാടനത്തിലേർപ്പെട്ടു. അതിനുശേഷം പുത്രൻ ഇസ്ഹാഖും പൗത്രൻ യഅ്ഖൂബും പിറന്നു. ഇവിടെ ഇസ്ഹാഖിനെയും യഅ്ഖൂബിനെയും പരാമർശിക്കുന്നതിൽ അവരുടെ ജനനം അദ്ദേഹത്തിന്റെ ഹിജ്റയുടെ ഫലമെന്നോണം അല്ലാഹു നൽകിയ സമ്മാനമാകുന്നു എന്ന ധ്വനിയുണ്ട്. അല്ലാഹുവിനുവേണ്ടി മാതാപിതാക്കളെയും മറ്റ് ഉടയവരെയും ഉപേക്ഷിച്ചു പോകേണ്ടി വരുന്നവർക്ക് അല്ലാഹു സവിശേഷമായ അനുഗ്രഹത്താൽ മറ്റൊരു നിലയിൽ സൗഭാഗ്യവും ഔന്നത്യവുമരുളുന്നു. അല്ലാഹുവിനെ തേടി ദേശത്യാഗം ചെയ്ത ഇബ്റാഹീം നബിക്ക് പുത്രലാഭം നൽകുക മാത്രമല്ല അവൻ ചെയ്തത്; ആ പുത്രന്മാരെ പ്രവാചകത്വം കൊണ്ടനുഗ്രഹിക്കുകയും ചെയ്തു. അവരിൽ നിന്നുത്ഭവിച്ച ആത്മീയ-രാഷ്ട്രീയ നേതൃത്വങ്ങളുടെ ശൃംഖല സഹസ്രാബ്ദങ്ങളിലേക്കു നീണ്ടുപോയി. ഇനിയും അന്ത്യനാൾ വരെ അതു തുടർന്നുകൊണ്ടിരിക്കും. പുത്രൻ ഇസ്ഹാഖിനോടൊപ്പം പൗത്രൻ യഅ്ഖൂബിനെ പരാമർശിച്ചത് പിതാവും പുത്രനും പൗത്രനും പ്രവാചകന്മാരായിരുന്നതുകൊണ്ടാണ്. ഇബ്റാഹീം(അ)ന്റെ സാറ എന്ന ഭാര്യയിൽ പിറന്ന മകനാണ് ഇസ്ഹാഖ്. ഇദ്ദേഹത്തിന്റെ ജനനം മലക്കുകൾ സുവിശേഷമറിയിച്ചിരുന്നു, ജ്ഞാനിയും സച്ചരിതനും അനുഗൃഹീതനുമായ പ്രവാചകനായിരുന്നു എന്നിങ്ങനെയുള്ള പരാമർശങ്ങളല്ലാതെ ഇദ്ദേഹത്തെക്കുറിച്ച് ഖുർആൻ കൂടുതലൊന്നും പറയുന്നില്ല. ബലിപുത്രൻ ഇസ്ഹാഖ് ആയിരുന്നുവെന്ന് യഹൂദർ വാദിക്കുന്നുണ്ടെങ്കിലും ബൈബിൾ അതിനെതിരാണ്. ഇസ്ഹാഖ്(അ) 180 വർഷം ജീവിച്ചതായി പറയപ്പെടുന്നു. ഫലസ്ത്വീനിലെ ഹെബ്റോനിൽ (ഇന്നത്തെ അൽഖലീൽ പട്ടണം) ആണ് ഇദ്ദേഹം മറമാടപ്പെട്ടത്.

ഇസ്ഹാഖ് നബിയുടെ പുത്രനായ യഅ്ഖൂബ് നബിക്ക് ഇസ്രാഈൽ എന്നും പേരുണ്ട്. അതുകൊണ്ടാണ് യഹൂദർ ബനൂഇസ്റാഈൽ (ഇസ്റാഈൽ മക്കൾ) എന്നറിയപ്പെടുന്നത്. യഅ്ഖൂബ് നബിക്ക് 12 പുത്രന്മാരുണ്ടായി. ഇവരുടെ സന്തതികൾ 12 ഗോത്രങ്ങളായി അറിയപ്പെട്ടു. യഅ്ഖൂബ് നബിയുടെ പുത്രൻ യൂസുഫും പ്രവാചകനായിരുന്നു. അദ്ദേഹത്തെ കൂടി ചേർത്താൽ പിതാവും പുത്രനും പൗത്രനും പ്രപൗത്രനും പ്രവാചകന്മാരായി. ലോകത്ത് അങ്ങനെയൊരു സൗഭാഗ്യം ഇബ്റാഹീം നബിക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ.

ഇവിടെ ഒരു സംശയമുയരാം. ഇബ്റാഹീമിന്റെ പുത്രന്മാരിൽ ഇസ്റാഈൽ വംശത്തിന്റെ പ്രഥമ കണ്ണിയായ ഇസ്ഹാഖിനെ പരാമർശിച്ചപ്പോൾ ഇസ്മാഈലിനെ പരാമർശിക്കാതിരുന്നതെന്തേ? ഇബ്റാഹീം നബിയുടെ സീമന്തപുത്രനും അന്ത്യപ്രവാചകൻ മുഹമ്മദ് നബി ഉൾപ്പെട്ട വലിയൊരു വംശാവലിയുടെ പ്രഥമ കണ്ണിയുമാണല്ലോ അദ്ദേഹം. ബലിപുത്രൻ എന്ന ബഹുമതിയും അദ്ദേഹത്തിനുള്ളതാണ്. ഹിജ്റയുടെ ശ്രേഷ്ഠതയുമുണ്ട്. വിശദീകരണമിതാണ്: ഇവിടെ യഥാർഥ സംബോധിതർ അറേബ്യൻ വിഗ്രഹാരാധകരാണ്. വേദക്കാരുമായി ബന്ധപ്പെട്ട പരാമർശം ആനുഷംഗികമായി വന്നതാണ്. അറബികളുടെ കുലപതിയായ ഇസ്മാഈലിനെ(അ) സംബന്ധിച്ച പരാമർശം അതിന്റെ പ്രാധാന്യത്തോടെ അടുത്ത 54, 55 സൂക്തങ്ങളിൽ വരുന്നുണ്ട്.

ഈസാ നബിയുടെ ജനനം പോലെ അസാധാരണമായിരുന്നു യഹ്യായുടെയും ഇസ്ഹാഖിന്റെയും ജനനം. വന്ധ്യയും വയോധികയുമായിരുന്ന സാറയിൽ കുഞ്ഞു ജനിക്കുമെന്ന് മലക്കുകൾ ഇബ്റാഹീം നബിയെ(അ) അറിയിക്കുകയായിരുന്നു. സാറക്ക് ആദ്യം അതു വിശ്വസിക്കാനായില്ല. എങ്കിലും അല്ലാഹു വിധിച്ചതു നടന്നു. ഈസായുടെ ജനനകഥക്കു മുമ്പും പിമ്പുമായി ഈ രണ്ട് ജനനങ്ങൾ പരാമർശിച്ചതിൽ ഇങ്ങനെയൊരു സൂചനയുണ്ട്: അസാധാരണ ജനനങ്ങൾ ഈസാക്ക് മുമ്പും ഉണ്ടായിട്ടുണ്ട്. ജനനം അസാധാരണ രീതിയിലായതുകൊണ്ട് ജനിച്ചവരിൽ ദിവ്യത്വം ആരോപിക്കുന്നത് കേവലം മൗഢ്യമാണ്.

**50.** ഇവിടെ അനുഗ്രഹ(رحمة)വർഷം കൊണ്ടുദ്ദേശ്യം ഇസ്റാഈലികൾക്ക് അല്ലാഹു നൽകിയ ഔദാര്യവും ദാക്ഷിണ്യവും പ്രവാചകത്വ പദവികളും രാജത്വപദവികളുമൊക്കെയാണ്. സൂറഃ അൽബഖറയിൽ ഈ അനുഗ്രഹങ്ങൾ അല്ലാഹു എണ്ണിയെണ്ണി പറയുന്നുണ്ട്.

لسان صدق-ന്റെ ഭാഷാർഥം സത്യത്തിന്റെ നാവ് എന്നാണ്. കീർത്തിയും പ്രചാരണവുമൊക്കെയാണ് ഇതിലെ لسان-നാവുകൊണ്ടുദ്ദേശ്യം. സത്യസന്ധതയുടെയും അടിയുറപ്പിന്റെയും ആശയം കൂടി ഉൾക്കൊള്ളുന്നതാണ് صدق. സൂറഃ യൂനുസ് 2-ാം സൂക്തത്തിലെ قدم صدق പോലുള്ള ഒരു പ്രയോഗമാണിത്. താൽപര്യമിതാണ് അല്ലാഹു ഇബ്റാഹീമിന്റെ(അ) പ്രസ്ഥാനത്തിന് നല്ല വേരോട്ടമുണ്ടാക്കി. ലോകത്ത് മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത മഹത്വവും പ്രശസ്തിയും അദ്ദേഹത്തിനു ലഭിച്ചു. ആയിരത്താണ്ടുകൾക്കുശേഷവും ഇബ്റാഹീമി വംശവും പ്രസ്ഥാനവും അനുസ്മരിക്കപ്പെടുന്നു. നൂറുകണക്കിൽ പ്രവാചകന്മാരും സംസ്കർത്താക്കളും നേതാക്കളും ഉയർന്നുവന്ന് അദ്ദേഹത്തിന്റെ ദൗത്യം സജീവമായി തുടർന്നു. ഒടുവിൽ ഇസ്മാഈൽ വംശത്തിൽനിന്ന് ലോകാനുഗ്രഹയായി മുഹമ്മദ്(സ) ആഗതനായി. ഇതോടെ ഇബ്റാഹീമി മില്ലത്തിന്റെ കീർത്തിക്കും മഹത്വത്തിനും അന്ത്യനാൾ വരേയുള്ള നിത്യത ലഭിച്ചു. ഇതെല്ലാം ഇബ്റാഹീം(അ)ന്റെ, സൂറഃ അശ്ശുഅറാഇൽ ഉദ്ധരിച്ച وَاجْعَل لِّي لِسَانَ صِدْقٍ فِي الْآخِرِينَ-പിൽക്കാലക്കാരിൽ എനിക്കു സൽകീർത്തിയരുളേണമേ-എന്ന പ്രാർഥനക്ക് അല്ലാഹു നൽകിയ ഉത്തരമാണ്. ■